പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 363 — 06.02.2013-ൽ മറുപടിയ്ക്ക്

## കൂടംകുളം വൈദ്യുതി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കൂടംകുളം വൈദ്യുതി പദ്ധതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ആധികാരികമായി ലഭിക്കേണ്ട വൈദ്യുതി വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ; | (എ) 2000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൂടംകുളം നിലയം പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകുമ്പോൾ ഗാഡ്ഗിൽ ഫോർമുല പ്രകാരം കേരളത്തിന് 266 MW വൈദ്യുതി വിഹിതത്തിനർഹതയുണ്ട്. |
| (ബി) കേരളത്തിന് അർഹതപ്പെട്ട വിഹിതം മുഴുവൻ ലഭിക്കുന്നതിന് ധാരണയായിട്ടുണ്ടോ; എങ്കിൽ എത്രമെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) പങ്കിടൽ സമവാക്യപ്രകാരം കൂടംകുളത്തുനിന്നും കേരളത്തിന് 266 MW വൈദ്യുതി കേന്ദ്രം അനുവദിച്ചിട്ടുണ്ട്. പ്രസരണ നഷ്ടവും ഉൽപ്പാദന ഉപഭോഗവും കഴിഞ്ഞാൽ ഏകദേശം 230 MW കേരളത്തിനു ലഭ്യമാകേണ്ടതാണ്. |
| (സി) കൂടംകുളം ആണവ വൈദ്യുതിയ്ക്ക് സംസ്ഥാനം നൽകേണ്ട വിലയെത്രയെന്ന് വെളിപ്പെടുത്തുമോ; | (സി) കൂടംകുളം ആണവവൈദ്യുതിയുടെ വില, പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ് നിജപ്പെടുത്തുന്നത്. |
| (ഡി) കൂടംകുളം ആണവ നിലയം പ്രവർത്തിക്കുമ്പോൾ കേരളത്തിലെ ജനങ്ങൾക്കുണ്ടാകുന്ന ആശങ്ക ബന്ധപ്പെട്ടവരുടെ മുന്നിൽ അവതരിപ്പിച്ചിട്ടുണ്ടോ; അതിനനുസരിച്ചുള്ള വൈദ്യുതി വിഹിതം കേരളത്തിന് ഉറപ്പാക്കിയിട്ടുണ്ടോ? | (ഡി) കേരളത്തിന്റെ വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്തും കൂടംകുളം ആണവ വൈദ്യുതി നിലയവുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന ദോഷവശങ്ങൾ അനുഭവിക്കുന്ന സംസ്ഥാനം എന്ന നിലയ്ക്കും ഈ നിലയത്തിൽ നിന്നും കേരളത്തിനുള്ള വിഹിതം 500 MW ആയി വർദ്ധിപ്പിക്കണമെന്ന് ബഹു. പ്രധാനമന്ത്രിയോട് സംസ്ഥാനം അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.